**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

26-06-2021

# കാർഷികവാർത്തകൾ

### 1. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ്പോർട്ടൽ'

പ്രകൃതി ക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി വിളകൾ ഇൻഷുർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റു കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ്പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ്ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. (https://youtu.be/PwW6_hDvriY) എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്

**2. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ** ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയും വിജ്ഞാപനം ചെയ്തു. കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, ജാതി, കൊക്കോ, കരിമ്പ്, ഏലം, കവുങ്ങ്, തക്കാളി, ചെറുധാന്യങ്ങൾ, പച്ചക്കറികൾ എന്നീ വിളകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ ചേരേണ്ട അവസാന തീയതി 2021 ജൂലൈ 31 ആണ്. കർഷകർക്ക് www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷിഭവനുമായോ **0471-2334493** എന്ന നമ്പരിലോ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ **1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 3. വിത്തുവണ്ടിയുമായി കാർഷികസർവ്വകലാശാല

കോവിഡ്കാല പ്രത്യേക സേവനത്തിന്റെ ഭാഗമായി കർഷകർക്ക് വിത്തും വളവും അവരുടെ വീടുമുറ്റത്തു എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ കേരള കാർഷിക സർവ്വകലാശാല 'വിത്തുവണ്ടി' സജ്ജമാക്കിയിരിക്കുന്നു. വിത്തുകൾ, വിവിധതരം വളങ്ങൾ, സുഡോമോണാസ്, ട്രൈക്കോഡെർമ തുടങ്ങിയ ബയോകൺട്രോൾ ഉപാധികൾ, ജൈവകീടനാശിനികൾ തുടങ്ങിയവ ഈ സഞ്ചരിക്കുന്ന കാർഷികവിജ്ഞാനപ്രദർശനശാലയിൽ നിന്നും വാങ്ങാവുന്നതാണ്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി മുൻകൂട്ടി അറിയിച്ചു ഈ വാഹനം എത്തുന്നതായിരിക്കും. കർഷകസംഘങ്ങളോ കൂട്ടായ്മകളോ ആവശ്യപ്പെടുന്നതിനനുസരിച്ചു അതതുസ്ഥലങ്ങളിലേക്ക് വിത്തുവണ്ടിയുടെ സേവനം എത്തിക്കാൻ ccmannuthy@kau.in എന്ന അഡ്രസ്സിൽ ഇമെയിൽ അയക്കുകയോ **9446058252** എന്ന നമ്പറിൽ ശനിയും ഞായറും ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ പത്തുമണിക്കും വൈകിട്ട് അഞ്ച് മണിക്കും ഇടയിൽ വിളിക്കുകയോ ചെയ്യാവുന്നതാണ്.

## 4. പശുഡയറിയൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക്ഷെഡ്ഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് പശു ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണം തുടങ്ങി വൈവിധ്യങ്ങളായ പദ്ധതികൾക്ക് ധനസഹായത്തിന് പത്തനംതിട്ട ജില്ലയിൽ അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് ക്ഷീരവികസന ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

## ഓൺലൈൻ പരിശീലനങ്ങൾ

5. **തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ്** ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 29-ന് താറാവ് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

6. **സംരഭകത്വ വികസന പദ്ധതിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ** സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽ വച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള കർഷകരും സംരംഭകരും ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്ര**ത്തിൽ ഈ മാസം 30-ന് രാവിലെ 11 മണിമുതൽ **ഫാം ലൈസൻസിംഗ്** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ മാസം 28-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി dtctvm99@gmail.comഎന്ന ഇ-മെയിൽവിലാസത്തിൽ പേര്, മേൽവിലാസം, വാട്ട്സ്ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **04712440911, 9446559818**

8. **വലിയതുറ സ്റ്റേറ്റ് ഫോഡർ** ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് ഈ മാസം 28-ന് **'ആദായകരമായ പാലുൽപാദനത്തിന്**

**തീറ്റപ്പുൽകൃഷി'** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾമീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

9. **ഫിഷറീസ് വകുപ്പ് ജലകൃഷി വികസന ഏജൻസി**യുടെ എരഞ്ഞോളി ഫിഷ് ഫാമിൽ പൂമീൻ കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായതായി ഫിഷറീസ് അസി. ഡയറക്ടർ അറിയിച്ചു. താത്പര്യമുള്ളവർ **0490 2354073** എന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ച് മണി വരെ വിൽപനയുണ്ടാകും .

10. **റബ്ബർ കൃഷിയിൽ റബ്ബർ ബോർഡ്** ഈ മാസം 28 മുതൽ 30 വരെ രാവിലെ 10 മണി മുതൽ 1 മണി വരെ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. നൂതന നടീൽ വസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗം, കീട -രോഗ നിയന്ത്രണം, ടാപ്പിംഗ്, തുടങ്ങിയവയാണ് ത്രിദിന പരിശീലന പരിപാടിയിലെ വിഷയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

11. **കേരള കാർഷിക സർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ**

1. പച്ചക്കറികളിൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 2 ആഴ്ച ഇടവേളകളിലായി തളിച്ച് കൊടുക്കുന്നത് രോഗങ്ങളെ പ്രതിരോധിക്കുന്നതിനു സഹായിക്കും.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

2. പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ **കെ എ യു സമ്പൂർണ മൾട്ടിമിക്സ്** എന്ന പോഷക മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. നേരിട്ട് പച്ചക്കറിവിത്ത് വിതച്ച സ്ഥലങ്ങളിൽ 30,45,60 ദിവസങ്ങളിലും പറിച്ചു നട്ട സ്ഥലങ്ങളിൽ 15,30,45 ദിവസങ്ങളിലുമാണ് ഇവ തളിച്ച് കൊടുക്കേണ്ടത്.
3. മഴക്കാലത്ത് പച്ചക്കറി കൃഷി ചെയ്യുമ്പോൾ ഉയർന്ന വാരങ്ങളിലോ കൂനകളിലോ വേണം വിത്തിടാനും തൈ നടാനും.
4. അന്തരീക്ഷ ആർദ്രത കൂടുന്നതിനാൽ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ രണ്ടാഴ്ച ഇടവേളയിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധം കലക്കി തളിക്കുക.

## 12. വെറ്ററിനറി സർവകലാശാലയുടെ മൃഗ പരിപാലന നിർദ്ദേശങ്ങൾ

മഴക്കാലമായതിനാൽ പശു എരുമ തുടങ്ങിയ വളർത്തുമൃഗങ്ങളിൽ വിരബാധ കൂടുവാനുള്ള സാധ്യതയുള്ളതിനാൽ കർഷകർ ശ്രദ്ധിക്കേണ്ടതാണെന്ന് കേരള വെറ്ററിനറി യൂണിവേഴ്സിറ്റി പരാദ വിഭാഗം അറിയിക്കുന്നു. കന്നുകുട്ടികൾ ജനിച്ചു ഒരാഴ്ച്ചയ്ക്കുള്ളിൽ ആദ്യത്തെ ഡോസായി ഒരു ബ്രോഡ്സ്പെക്ട്രം വിരമരുന്നു നൽകണം. തുടർന്ന് നാലാഴ്ച കഴിഞ്ഞു ഒരു തവണ കൂടി വിര മരുന്നുകൊടുക്കാവുന്നതാണ്. മഴക്കാലം തുടങ്ങി മൂന്ന് ആഴ്ച്ചക്കുശേഷം എല്ലാ ഉരുക്കൾക്കും ഒരു തവണ വിരമരുന്നു നൽകാവുന്നതാണ്. രക്തംകലർന്നതോ കഫവും രക്തവും കലർന്നതോ ആയ വയറിളക്കം, ശരീരം മെലിച്ചിൽ മുതലായ രോഗലക്ഷണങ്ങൾ കണ്ടാൽ ചാണകം പരിശോധിച്ചതിനു ശേഷം വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം, ശരീരഭാരത്തിനനുസരിച്ചു വിരമരുന്നു നൽകേണ്ടതാണ്. ഗർഭിണിയായ പശുവിനു പ്രസവത്തിനു രണ്ടു-മൂന്നാഴ്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. ഒരു വയസ്സിനു താഴെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രായമുള്ള കന്നുകുട്ടികളിൽ പ്രതിരോധ കുത്തിവെപ്പിനു രണ്ടോ മൂന്നോ ആഴ്ച്ച മുൻപ് വിരമരുന്ന് നൽകാവുന്നതാണ്. എന്നാൽ ഒരു വയസിനു മുകളിൽ പ്രായമുള്ളവയ്ക്ക് മഴക്കാലം തുടങ്ങുമ്പോൾ വിരമരുന്ന് നൽകിയിട്ടുണ്ടെങ്കിൽ വേറെ വിരമരുന്നു നൽകേണ്ടതില്ല.

Sd/-
**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവന